പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5479

04.07.2013 ൽ മറുപടിക്ക്

## വെള്ളപ്പൊക്കനിയന്ത്രണത്തിന് പദ്ധതി

| | ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വെള്ളപ്പൊക്ക നിയന്ത്രണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ)<br>(ബി)<br>(സി) & (ഡി) | സംസ്ഥാനത്ത് തിരുവനന്തപുരം നഗരത്തിൽ 2011 ഡിസംബറിൽ ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ വെളിച്ചത്തിൽ ഭാവിയിൽ ഇതൊഴിവാക്കുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച മന്ത്രതല സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട പദ്ധതികളിൽ ഒന്നാം ഘട്ട പദ്ധതികൾക്കായി (Short terms measures) 27 കോടി രൂപയുടെ പ്രവൃത്തികൾക്ക് 23.01.2012 ലെ (ആർ.ടി) 117/12/ജ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കിള്ളിയാർ, കരിമഠം കോളനി, യമുനനഗർ, കാവേരി-ഗാർഡൻസ് എന്നിവിടങ്ങളിലെ വെള്ളപ്പൊക്കനിവാരണത്തിന് രണ്ടാം ഘട്ടമായി ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട 98.51 കോടി രൂപയുടെ പ്രവർത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും മേൽ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ടാം ഘട്ട പദ്ധതികൾ 'RITES' New Delhi എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനും സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ M/s 'RITES' New Delhi എന്ന ഏജൻസിയെ 01.10.12 ൽ നിയോഗിച്ചു. ഈ സ്ഥാപനത്തിന്റെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ബി) | പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; | | |
| (സി) | ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിനായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ; | | |
| (ഡി) | പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ